# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
2013 ഫെബ്രുവരി 6, ബുധൻ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

## കെ.എസ്.ആർ.ടി.സി അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധിക്ക് പരിഹാരം

*31 ശ്രീ. സി. കൃഷ്ണൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പി. റ്റി. എ. റഹീം
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ-പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണം എടുത്തുകളഞ്ഞതു മൂലം സംസ്ഥാനത്ത് ഡീസലിന്റെയും പെട്രോളിന്റെയും വിലവർദ്ധനവ് ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) വൻകിട ഉപഭോക്താക്കൾക്ക് ഡീസൽ വിലയുടെ സബ്സിഡി നിർത്തലാക്കാൻ കേന്ദ്രസർക്കാരും എണ്ണക്കമ്പനികളും തീരുമാനിച്ചതിനെ തുടർന്ന് കെ.എസ്.ആർ.ടി.സി അഭിമുഖീകരിക്കുന്ന രൂക്ഷമായ പ്രതിസന്ധി തരണം ചെയ്യുന്നതിന് സർക്കാരും കെ.എസ്.ആർ.ടി.സി.യും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

(സി) വര്‍ദ്ധിപ്പിച്ച ഡീസല്‍ വില പിന്‍വലിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സര്‍ക്കാരിന് എന്നാണ് നിവേദനം നല്‍കിയതെന്നും അതിന് എന്ത് മറുപടി ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) പ്രതിസന്ധി താല്‍ക്കാലികമായി പരിഹരിക്കുന്നതിന് കെ.എസ്.ആര്‍.ടി.സി ക്ക് നല്‍കുന്ന ഡീസലിന്റെ നികുതി എടുത്തുകളയുവാനും കെ.എസ്.ആര്‍.ടി.സിക്ക് സര്‍ക്കാര്‍ ധനസഹായം നല്‍കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഡീസല്‍ വിലവര്‍ദ്ധനവ് പിന്‍വലിക്കുന്നതിന് കേന്ദ്ര സര്‍ക്കാരില്‍ സമ്മര്‍ദ്ദം ചെലുത്തുന്നതിന് ഒരു അഖില കക്ഷി നിവേദക സംഘത്തെ അയയ്ക്കുന്നതിന് സര്‍ക്കാര്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

<u>സുരക്ഷിതമായ കിടപ്പാടമില്ലാത്തവരുടെ പ്രശ്നം</u>

*32 ശ്രീ. പി.ഉബൈദുള്ള
,, കെ.എൻ.എ.ഖാദർ
,, വി.എം.ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷിതമായ കിടപ്പാടമില്ലാത്തവരുടെ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ വിജയം കൈവരിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അടിസ്ഥാന താമസ സൗകര്യങ്ങൾ ഉള്ള ചെറു വീടുകൾ ഉൾക്കൊള്ളുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് ഗുണഭോക്താക്കളുടെ സാമ്പത്തിക ശേഷിക്കനുസരിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കി ഭവനരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോറെയിൽ പദ്ധതിക്ക് അന്താരാഷ്ട്ര സംഘടനകളിൽനിന്നും ധനസഹായം</u>

*33 ശ്രീ. ബി. ഡി. ദേവസ്സി
,, കെ. രാധാകൃഷ്ണൻ
,, എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റയിൽ പദ്ധതിക്ക് ഏതെല്ലാം അന്താരാഷ്ട്ര സംഘടനകളിൽനിന്നും ധനസഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ധനസഹായം നൽകാൻ തയ്യാറാണെന്ന് കാണിച്ച് 'ജയ്ക്ക'യുടെ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വായ്പയുടെ വിശദാംശം എന്താണെന്ന് വിശദമാക്കുമോ;

(സി) 'ജയ്ക്ക' സഹായ വാഗ്ദാനം നൽകിയിട്ടും മറ്റ് സ്ഥാപനങ്ങളുമായി ധനസഹായം സംബന്ധിച്ച് ചർച്ച നടത്താൻ കൊച്ചി മെട്രോ നടപടി സ്വീകരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നടപടി കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകിക്കുന്നതിന് ഇടയാക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) ധനസഹായം നേടുന്നത് സംബന്ധിച്ച് കേന്ദ്രധനമന്ത്രാലയം എന്തെങ്കിലും നിർദ്ദേശം വച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ഹഡ്കോ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ സ്ഥാപനങ്ങൾ ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ജി) പ്രസ്തുത ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പ എടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

*34 ശ്രീ. കെ. ദാസൻ
,, എം. എ. ബേബി
,, എം. ചന്ദ്രൻ
ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ തീരുമാനിച്ച പങ്കാളിത്ത പെൻഷൻ പദ്ധതി അതേപടി നടപ്പിലാക്കാൻ നിയമപരമായ ബാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും പങ്കാളിത്ത പെൻഷൻ പ്രകാരം പിരിച്ചെടുക്കുന്ന തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് അറിയാമോ; വിശദമാക്കുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പിരിച്ചെടുക്കുന്ന സംഖ്യയുടെ സുരക്ഷിതത്വത്തെക്കുറിച്ച് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്പോഴുള്ള പി.എഫ്.ആർ.ഡി.എ. പ്രകാരമുള്ള നിക്ഷേപവ്യവസ്ഥകൾ സുരക്ഷിതമാണെന്ന് കരുതുന്നുണ്ടോ;

(ഡി ജീവനക്കാരിൽനിന്ന് പിരിച്ചെടുക്കുന്ന തുക ഷെയർമാർക്കറ്റുകളിലും മറ്റും നിക്ഷേപിക്കുവാനും അവിടങ്ങളിൽ ഉണ്ടാകുന്ന ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ലാഭനഷ്ടങ്ങൾ പങ്കുവയ്ക്കാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ജീവനക്കാരുടെ ആശങ്ക അകറ്റുവാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

**കൊച്ചി സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ**

*35 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, ഹൈബി ഈഡൻ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്ത് തുക സ്മാർട്ട് സിറ്റിയ്ക്ക് വേണ്ടി നൽകിയിട്ടുണ്ട് ;

(ഡി) സ്മാർട്ട് സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങൾ</u>

*36 ശ്രീ. പി. കെ. ഗുരുദാസൻ
,, ബാബു എം. പാലിശ്ശേരി
,, ആർ. രാജേഷ്
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വാങ്ങണമെന്നുള്ള നിലവിലുള്ള നിർദ്ദേശത്തിന് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിവിധ സർക്കാർ സ്ഥാപനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾ വാങ്ങാതിരിക്കുന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(സി) കൊല്ലം മീറ്റർ കമ്പനിയുമായി വൈദ്യുതി ബോർഡ് ഉണ്ടാക്കിയിരുന്ന കരാറിന് വിരുദ്ധമായി അവിടെ നിന്നും മീറ്റർ വാങ്ങാതെ സ്വകാര്യ കമ്പനികളിൽ നിന്നും മീറ്റർ വാങ്ങുന്നതിന് ഇടയാക്കിയ കാരണങ്ങൾ അറിയാമോ; എങ്കിൽ വിശദമാക്കുമോ;

(ഡി) മെഡിക്കൽ കോർപ്പറേഷന് ആവശ്യമായ മരുന്നുകൾ ആലപ്പുഴയിലെ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; നിലവിൽ മരുന്ന് കോർപ്പറേഷൻ വാങ്ങുന്നുണ്ടോ;

(ഇ) ഇത്തരത്തിൽ ഉല്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതിരിക്കുന്നത്കൊണ്ട് ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രതിസന്ധി നേരിടുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സഹകരണസ്ഥാപനങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ</u>

*37 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന 'മാർക്കറ്റ് ഇന്റർവെൻഷൻ' പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) സഹകരണ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽനിന്ന് നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ പുതിയ കർമ്മ
പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സംസ്ഥാനതല കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സ്വകാര്യ പാരലൽ സർവ്വീസ് മൂലം കെ.എസ്.ആർ.ടി.സി.,ക്ക് ഉണ്ടാകുന്ന നഷ്ടം</u>

*38 ശ്രീ. സി.കെ.സദാശിവൻ
,, പി.കെ.ഗുരുദാസൻ
,, ബി.സത്യൻ
,, ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത റൂട്ടുകളിൽ ഉൾപ്പെടെ കെ.എസ്.ആർ.ടി.സി സർവ്വീസുകളുടെ എണ്ണം കുറച്ചതുകൊണ്ട് കോർപ്പറേഷന് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) നിയമം ലംഘിച്ച് സ്വകാര്യ ഫാസ്റ്റ്, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് അനുമതി നൽകിയതു മൂലം കെ.എസ്.ആർ.ടി.സി വൻ തിരിച്ചടി നേരിടുന്നുണ്ടോ;

(സി) അനധികൃത സ്വകാര്യ ബസ്സുകളും പാരലൽ സർവ്വീസുകളും മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

**കെ. എസ്. ആർ. ടി. സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നടപടി**

*39 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എളമരം കരീം
,, കെ. വി. അബ്ദുൾ ഖാദർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൻകിട ഉപഭോക്താക്കൾക്ക് ഡീസൽ സബ്സിഡി നിർത്തലാക്കിയതോടെ കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചു;

(ബി) ഇതിന്റെ ഭാഗമായി സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്ന പദ്ധതിക്ക് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ഡി) 10000 രൂപ പ്രതിദിനം കളക്ഷൻ ലഭിക്കാത്ത ഏകദേശം 1700 സർവ്വീസുകൾ നിർത്തിവയ്ക്കാൻ എടുത്ത തീരുമാനം സാധാരണക്കാരായ യാത്രക്കാരെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സബ്സിഡി നിർത്തലാക്കിയശേഷം ഇതുവരെയായി ഓരോ ഡിപ്പോയിൽ നിന്നും എത്രവീതം സർവ്വീസുകൾ റദ്ദാക്കിയെന്നും ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി. സി.യുടെ വരുമാനത്തിൽ ഇതുവരെയായി എന്ത് തുക കുറഞ്ഞു എന്നും വിശദമാക്കുമോ;

(എഫ്) സർവ്വീസുകൾ വെട്ടിക്കുറയ്ക്കുന്നതിന്റെ ഫലമായി സ്വകാര്യ ബസ്സുകൾക്ക് വൻ സാമ്പത്തിക ലാഭവും കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടവും ഉണ്ടാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ജി) സർക്കാർ ധനസഹായവും നികുതിയിളവും നൽകി കെ.എസ്.ആർ.ടി.സി.യുടെ എല്ലാ സർവ്വീസുകളും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

97-ാം ഭരണഘടന ഭേദഗതിയും സഹകരണ മേഖലയും

*40 ശ്രീ. ഇ.പി. ജയരാജന്‍
,, ജി. സുധാകരന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതി സംസ്ഥാന സഹകരണ മേഖലയെ ഏതെല്ലാം തരത്തില്‍ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ വിശദാംശങ്ങള്‍ അറിയിക്കുമോ ;

(ബി) റിസര്‍വ് ബാങ്ക് ലൈസന്‍സ് ഏര്‍പ്പെടുത്തുന്നതിലൂടെ സഹകരണ ബാങ്കുകള്‍ ഇപ്പോള്‍ നടത്തിവരുന്ന സാമൂഹിക മേഖലയില്‍ ഊന്നിയ സേവനപ്രവര്‍ത്തനങ്ങള്‍ ഇല്ലാതാകും എന്ന ആശങ്ക ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനവിഷയമായ സഹകരണമേഖലയിലെ അധികാരം കേന്ദ്രം കവര്‍ന്നെടുക്കുന്നത് ഫെഡറല്‍ സംവിധാനത്തിന്റെ അന്തസത്ത തകര്‍ക്കാനിടയാക്കുമെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തില്‍ എന്ത് നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത തീരുമാനങ്ങള്‍ തിരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സര്‍ക്കാരിന് നിവേദനം നല്‍കിയിട്ടുണ്ടോ ;

(എഫ്) ഇത് സംബന്ധിച്ച് കേന്ദ്രത്തില്‍ സമ്മര്‍ദ്ദം ചെലുത്തുന്നതിന് ഒരു അഖിലകക്ഷി സംഘത്തെ അയക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>

*41 ശ്രീ. ഇ. കെ. വിജയൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡീസൽ വില വർദ്ധനവിനെത്തുടർന്ന് പ്രതിദിനം എത്ര തുക അധികമായി കെ.എസ്.ആർ.ടി.സി.യ്ക്ക് ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രതിദിനം എത്ര ലിറ്റർ ഡീസൽ കെ.എസ്.ആർ. ടി.സി.യ്ക്ക് ആവശ്യമുണ്ട് ; പ്രതിദിനം എത്ര കിലോ മീറ്റർ സർവ്വീസ് നടത്തുന്നുണ്ട് ;

(സി) കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിദിനം ഉണ്ടായികൊണ്ടിരുന്ന നഷ്ടം എത്ര തുകയാണ് ; ഡീസൽ വിലവർദ്ധനവിനെ തുടർന്ന് ഇപ്പോഴുള്ള പ്രതിദിന നഷ്ടം എത്രയാണ് ;

(ഡി) കെ.എസ്.ആർ.ടി.സി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നുള്ളത് വസ്തുതയാണോ ; എങ്കിൽ ഏതെങ്കിലും തരത്തിലുള്ള സഹായം നൽകി കെ.എസ്.ആർ. ടി.സി.യെ നില നിറുത്തുന്നതിന് എന്തു നടപടികൾ എടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ചട്ടങ്ങൾ</u>

*42 ശ്രീ. കെ. കെ. നാരായണൻ
,, എം. ഹംസ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടും ചട്ടങ്ങളും അനുസരിച്ച് സഹകരണസംഘങ്ങളിൽ അംഗത്വം നൽകാനുള്ള അവകാശം സംബന്ധിച്ച വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അഡ്മിനിസ്ട്രേറ്റർ നൽകുന്ന അംഗത്വം ഭരണസമിതി അംഗീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത അംഗത്തിന് ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരിക്കുമോ; ഇത് സംബന്ധമായ സുപ്രീംകോടതിവിധി എന്തായിരുന്നു; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

പുതിയ സപ്ത തന്ത്രങ്ങള്‍

*43 ശ്രീ. റ്റി.വി.രാജേഷ്
ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. പി.ശ്രീരാമകൃഷ്ണന്‍
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തിന്റെ വികസനത്തിന് ബഡ്ജറ്റില്‍ നിര്‍ദ്ദേശിച്ച സപ്തതന്ത്രങ്ങള്‍ നടപ്പിലാക്കുകയുണ്ടായോ; അവ എന്തൊക്കെയായിരുന്നു;

(ബി) അവയുടെ സാക്ഷാത്കാരം സാദ്ധ്യമാകാതിരുന്നതിന്റെ കാരണങ്ങള്‍ പരിശോധിക്കുകയുണ്ടായോ;

(സി) കേരളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതത്തില്‍, പ്രഖ്യാപിത തന്ത്രങ്ങള്‍ എന്തെങ്കിലും സ്വാധീനം ചെലുത്തിയിട്ടുണ്ടോ;

(ഡി) പുതിയ സപ്തതന്ത്രങ്ങള്‍ക്ക് രൂപം നല്‍കാന്‍ ഉദ്ദേശമുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013–ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

*44 ശ്രീമതി കെ. കെ. ലതിക
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ. വി. വിജയദാസ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏപ്രിൽ ഒന്നു മുതൽ വൈദ്യുതി നിരക്ക് വീണ്ടും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ റഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ വ്യവസായ വൈദ്യുതി താരിഫിൽ, എത്രത്തോളം വർദ്ധന വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇത് വ്യവസായ മേഖലയെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) വൈദ്യുതി നിരക്ക് വർദ്ധന തടയുന്നതിന് സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

*45 ശ്രീ. കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, എം. ഹംസ
,, പി. റ്റി. എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് അനുകൂലമായി നിലവിലുള്ള നിയമങ്ങളിൽ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നിക്ഷേപകർക്ക് കൊടുത്ത ഉറപ്പുകൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത ആവശ്യത്തിനായി ഏതെങ്കിലും സമിതിയെ നിശ്ചയിച്ചിരുന്നുവോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമിതി ഇതിനോടകം എത്ര യോഗങ്ങൾ ചേർന്നു; എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;

(ഡി) നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലാ നിയമവും സംസ്ഥാന ഭൂവിനിയോഗ നിയമവും ഭൂപരിഷ്കരണനിയമവും എമർജിംഗ് കേരളയിൽ വന്ന പദ്ധതികൾ നടപ്പിലാക്കാൻ വിഘാതം സൃഷ്ടിക്കുന്നുണ്ടോ; ഇക്കാര്യത്തിലുള്ള തീരുമാനം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>സഹകരെണ മേഖലയിൽ ആധുനിക ബാങ്കിംഗ് സംവിധാനം</u>

*46 ശ്രീ. കെ.അച്ചുതൻ
,, വി.പി സജീന്ദ്രൻ
,, വി.റ്റി. ബൽറാം
,, ഡൊമിനിക്ക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

റിയാബ് വഴിയുള്ള നിയമനങ്ങളുടെ മാനദണ്ഡങ്ങള്‍

*47 ശ്രീ. സണ്ണി ജോസഫ്
,, റ്റി. എന്‍. പ്രതാപന്‍
,, ബെന്നി ബെഹനാന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനങ്ങള്‍ നടത്താന്‍ റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിലാണ് റിയാബ് നിയമനങ്ങള്‍ നടത്തുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) നിയമനങ്ങള്‍ നടത്തുന്നതിനുള്ള പ്രക്രിയകള്‍ എന്തെല്ലാമാണ് ;

(ഡി) സര്‍ക്കാര്‍ നിയമനങ്ങളില്‍ ഉള്ള എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>ട്രെയിൻ യാത്രാക്കൂലി</u>

*48 ശ്രീ. എ. പ്രദീപ്കുമാർ
,, കെ. സുരേഷ് കുറുപ്പ്
,, ജെയിംസ് മാത്യൂ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിൻ യാത്രാക്കൂലി വർദ്ധന പിൻവലിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദം ചെലുത്തുമോ ; പ്രസ്തുത കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) നിരക്ക് വർദ്ധന എത്ര ശതമാനം വരെ ഉണ്ടായിട്ടുണ്ടെന്നും സാധാരണക്കാരായ ട്രെയിൻ യാത്രക്കാരെ എപ്രകാരം ബാധിക്കുമെന്നും പരിശോധിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് ട്രെയിനിനെ ആശ്രയിച്ച് യാത്ര ചെയ്യുന്നവരുടെ യാത്രാപ്രശ്നം സംബന്ധിച്ച വിശദാംശങ്ങൾ അറിയാമോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ പാർപ്പിടനയം</u>

*49 ശ്രീ. വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പാർപ്പിടനയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണമേഖലയുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നയം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് കുടിശ്ശിക</u>

*50 ശ്രീ. ചിറ്റയം ഗോപകുമാർ
,, വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള ലോ ടെൻഷൻ, ഹൈ ടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും എത്ര ഉപഭോക്താക്കൾ വീതമുണ്ട്;

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയതിന്റെ പേരിൽ നിലവിൽ എത്ര ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിട്ടുണ്ട്;

(സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ പേരിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിൽ നിന്നും ഗാർഹിക ഉപഭോക്താക്കളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വൻകിട വൈദ്യുതി ചാർജ്ജ് കുടിശ്ശികക്കാരിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ വിവിധ സർക്കാർ വകുപ്പുകൾ എല്ലാംകൂടി വരുത്തിയിട്ടുള്ള കുടിശ്ശിക എത്രയാണ്?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

<u>പ്രവേശന നികുതി ഏകീകരണം</u>

*51 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. കെ. ബഷീർ
,, കെ. എം. ഷാജി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന വാഹനങ്ങൾക്ക് സംസ്ഥാനം ചുമത്തുന്ന പ്രവേശനനികുതിയിലും, സംസ്ഥാനത്തു നിന്നുള്ള വാഹനങ്ങൾക്ക് അന്യസംസ്ഥാനങ്ങൾ ചുമത്തുന്ന നികുതിയിലും വൻ അന്തരമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അധികപ്രവേശനനികുതി സംസ്ഥാനാന്തര യാത്രക്കാരിൽ കുറവു വരുത്തുന്നുണ്ടോ; മറ്റു സംസ്ഥാന മോട്ടോർ വാഹന വകുപ്പുകളുമായി കൂടിയാലോചിച്ച് നികുതി നിരക്കിൽ ഏകീകരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

വ്യവസായങ്ങളെ പ്രതികൂലമുയി ബാധിക്കുന്ന വൈദ്യുതി ചാർജ്ജ് വർദ്ധന

*52 ശ്രീ. എളമരം കരീം
,, എ. കെ. ബാലൻ
,, വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധനമൂലം സംസ്ഥാനത്തെ ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ ഓരോന്നോരോന്നായി ലേ ഓഫിലേക്കും ലോക്കൗട്ടിലേക്കും നീങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ലേഓഫിലും ലോക്കൗട്ടിലും ആയവ എത്ര;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധനയും പവർകട്ടും സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഇത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സാഹചര്യത്തെ നേരിടാൻ വ്യവസായ വകുപ്പ് പരിഗണിക്കുന്ന നിർദ്ദേശങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതി</u>

*53 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, എം. പി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലനിൽക്കുന്ന ഊർജ്ജ പ്രതിസന്ധി തരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതിഎത്രത്തോളം സഹായകരമാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>അക്ഷയകേന്ദ്രങ്ങളിലൂടെ നൽകുന്ന സേവനങ്ങൾക്ക് അമിത ഫീസ്</u>

*54 ശ്രീ. മാത്യു. റ്റി. തോമസ്
ശ്രീമതി. ജമീലാപ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഓഫീസുകൾ വഴി കിട്ടിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ അക്ഷയകേന്ദ്രങ്ങൾ വഴി ആക്കിയതിനു ശേഷം കൂടുതൽ കാലതാമസം ഉണ്ടാകുന്നതെന്തെന്ന് വിശദമാക്കുമോ;

(സി) അക്ഷയകേന്ദ്രങ്ങളെ സേവനാവകാശനിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) അപ്രകാരം സാധിക്കുന്നില്ല എങ്കിൽ അക്ഷയ കേന്ദ്രങ്ങൾക്ക് കൈമാറ്റം ചെയ്ത സേവനങ്ങളുടെ കാര്യത്തിൽ സേവനാവകാശനിയമം പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

<u>വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം</u>

*55 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ.കെ.ബാലൻ
,, രാജു എബ്രഹാം
പ്രൊഫ. സി.രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഊർജ്ജവും ഗതാഗതവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖല, സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ബി) വൈദ്യുതി വിതരണ മേഖല സ്വകാര്യവത്ക്കരിക്കാനും വർഷംതോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനും സമ്മതം അറിയിച്ചുകൊണ്ട് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടോ;

(സി) കേരളം സ്വീകരിച്ചുവരുന്ന നിലപാടിൽ മാറ്റം വരുത്തിക്കൊണ്ട്, ഇത്തരമൊരു കത്ത് അയക്കുവാൻ ഏത് തലത്തിലാണ് തീരുമാനമെടുത്തത്?

# കേരള നിയമസഭ
# 06.02.2013-ലെ മറുപടിക്ക്

<u>ആധാർ കാർഡുകളിലെ കൃത്യത</u>

*56 ശ്രീ. എ.റ്റി. ജോർജ്
,, വി.ഡി. സതീശൻ
,, എ.പി. അബ്ദുള്ളക്കുട്ടി
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകി വരുന്ന ആധാർ കാർഡുകളിലെ കൃത്യത ഉറപ്പു വരുത്തുവാൻ ഐ.ടി മിഷൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ആധാർ കാർഡുകളിൽ കടന്നു കൂടിയിട്ടുള്ള തെറ്റുകൾ തിരുത്തുവാൻ അദാലത്തുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി യു. ഐ. ഡി അധികൃതരുടെ അനുവാദം തേടിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.02.2013–ലെ മറുപടിക്ക്

സ്മാർട്ട്സിറ്റിയുടെ നിർമ്മാണച്ചുമതല

*57 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, സി. കെ. സദാശിവൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റിയുടെ നിർമ്മാണച്ചുമതല ടീകോമിന്റെ മാതൃസ്ഥാപനവും റിയൽ എസ്റ്റേറ്റ് സ്ഥാപനവുമായ ദുബായ് ഹോൾഡിംഗ്സിനു കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി അടിസ്ഥാന കരാറിൽ മാറ്റം വരുത്തുന്നുണ്ടോ;

(ബി) ദുബായിൽ വച്ചു ചേർന്ന സ്മാർട്ട്സിറ്റി ഡയറക്ടർ ബോർഡ് യോഗത്തിൽ എന്തെല്ലാം കാര്യങ്ങളിൽ തീരുമാനം എടുത്തിട്ടുണ്ട്; ടീകോമിന്റെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(സി) സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിയ്ക്കും ഒറ്റ സെസ് പദവി നേടിയെടുക്കുന്നതിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയുണ്ടായോ; കേന്ദ്രസർക്കാർ മുൻനിലപാടിൽ വരുത്തിയ മാറ്റം എന്തായിരുന്നു; ഒറ്റ സെസ് പദവി വേണമെന്ന ടീകോം നിർബന്ധത്തിന്റെ കാരണം എന്താണെന്ന് മനസിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതുമൂലം ടീകോമിന്റെ പദ്ധതിക്കുണ്ടാകുന്ന നേട്ടം എന്താണ്?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടങ്ങൾ</u>

*58 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, എം. ഉമ്മർ
,, സി. മമ്മൂട്ടി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലാഭ-നഷ്ടങ്ങൾ കണക്കാക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ ഭരണകാലത്ത് ലാഭമുണ്ടാക്കി എന്ന വകാശപ്പെട്ട നിരവധി സ്ഥാപനങ്ങൾ മാനദണ്ഡമനുസരിച്ച് നഷ്ടത്തിലായിരുന്നു എന്ന് പിൽക്കാല പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ഏതെല്ലാം സ്ഥാപനങ്ങളാണ് മാനദണ്ഡ പ്രകാരം ലാഭത്തിൽ പ്രവർത്തിച്ചതെന്നും, നഷ്ടത്തിലായിരുന്നവ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 06.02.2013-ലെ മറുപടിക്ക്

പവർ ഹോളിഡേ

*59 ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, പി. തിലോത്തമൻ
ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പവർ ഹോളിഡേ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിനു കീഴിൽ എത്ര വൈദ്യുതി വിതരണ സബ് സ്റ്റേഷനുകളാണുള്ളത്; ഈ സബ് സ്റ്റേഷനുകൾ അടച്ചിട്ട് ലോഡ് ഷെഡിംഗ് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഈ സബ് സ്റ്റേഷനുകളിലൂടെ ഏതെല്ലാംതരത്തിൽ ലോഡ് ഷെഡിംഗ് വ്യാപിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുള്ള 11 കെ. വി. ലൈനുകൾ ഓഫാക്കിയിടാൻ തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ ഒരു മാസത്തിൽ എത്ര ദിവസം ഓഫാക്കിയിടാൻ തീരുമാനിച്ചിട്ടുണ്ട്;

(ഡി) ഇവ കൂടാതെ മറ്റേതെല്ലാംവിധത്തിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 06.02.2013–ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ അപകടം കുറയ്ക്കാൻ നടപടി

*60 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
,, കെ.എൻ.എ.ഖാദർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി വാഹനങ്ങൾ മൂലമുള്ള അപകടങ്ങൾ കുറയ്ക്കാൻ എന്തെങ്കിലും പ്രായോഗിക നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾക്ക് പരമാവധി വേഗപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; പ്രസ്തുത വേഗപരിധി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഡ്രൈവർമാരുടെ കായികക്ഷമത, മദ്യപാനശീലം എന്നിവ പരിശോധിക്കാനും, തുടർച്ചയായ ഡ്രൈവിംഗ് അനുവദിക്കാതിരിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഡ്രൈവർമാർക്ക് കാലാകാലങ്ങളിൽ പരിശീലനം നല്കുന്നതിന് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജനുവരി 26.